# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *263</u> <u>19.06.2014-ൽ മറുപടിയ്ക്ക്</u>

## <u>കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എളമരം കരീം**<br>**ഡോ. ടി.എം. തോമസ് ഐസക്**<br>**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**<br>**,, പുരുഷൻ കടലുണ്ടി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് തിരുവനന്തപുരം മോണോറെയിൽ പദ്ധതികളുടെ ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; സാങ്കേതിക ബിഡ്ഡിൽ വേണ്ടതായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ ; | (എ) കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 01.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രം താൽപര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ റീടെണ്ടർ വിളിക്കുകയും ചെയ്തു. റീ ടെണ്ടർ 30.05.2014-ന് തുറന്നെങ്കിലും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ഇപ്രകാരം 'ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്' സമർപ്പിച്ച സാങ്കേതിക ദർഘാസ് വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ സാമ്പത്തിക ദർഘാസ് തുറക്കുകയുള്ളൂ.<br>സാങ്കേതിക ദർഘാസ് പരിശോധന ഈ മാസം 30-ന് മുൻപ് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വ്യക്തമായ മാനദണ്ഡങ്ങൾ ദർഘാസിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. ഈ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് സാങ്കേതിക ദർഘാസിന്റെ വിശദമായ പരിശോധനയിലൂടെ മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (ബി) ടെണ്ടറിൽ മത്സരം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ; എത്ര കമ്പനികൾ സാങ്കേതിക ബിഡ്ഡിൽ പങ്കെടുത്തു : | (ബി) ഗ്ലോബൽ ടെണ്ടറിംഗിലൂടെയാണ് ദർഘാസ് ക്ഷണിച്ചിട്ടുള്ളത്. ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, സർക്കാർ നിർദ്ദേശ പ്രകാരം റീടെണ്ടർ വിളിക്കുകയും ചെയ്തു. ബൊംബാർഡിയർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന ഒരു കമ്പനി മാത്രമേ ഈ രണ്ടു ബിഡ്ഡിലും പങ്കെടുത്തുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പദ്ധതികൾ പൂർത്തിയാക്കുന്നതിന് കണക്കാക്കപ്പെട്ട എസ്റ്റിമേറ്റ് തുക എത്ര കോടി വീതമായിരുന്നു ; | (സി) | ആദ്യഘട്ട പദ്ധതിക്ക് തിരുവനന്തപുരത്ത് 3590 കോടി രൂപയും, കോഴിക്കോട് 1991 കോടി രൂപയും ആണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. |
| (ഡി) | സാമ്പത്തികബിഡ്ഡ് തുറന്ന് വിലയിരുത്തുകയുണ്ടായോ ; ഡി.എം.ആർ.സി മോണോറെയിൽ കോർപ്പറേഷൻ മുമ്പാകെ ഇത് സമർപ്പിച്ചിട്ടുണ്ടോ ; ഡി.എം.ആർ.സി യുടെ പ്രധാന വിലയിരുത്തലുകൾ വ്യക്തമാക്കുമോ ; | (ഡി) | സാങ്കേതികദർഘാസ്, വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ സാമ്പത്തിക ദർഘാസ് പരിശോധിക്കുകയുള്ളൂ. സാങ്കേതിക ദർഘാസ് പരിശോധന നടന്നു വരുന്നു. |
| (ഇ) | സാങ്കേതിക ബിഡ്ഡിന് സർക്കാർ അംഗീകാരം നൽകിയത് എപ്പോഴാണ് ; സാമ്പത്തിക ബിഡ് അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഒരു കമ്പനി മാത്രം ബിഡ്ഡിൽ പങ്കെടുത്താൽ റീടെണ്ടർ വിളിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ? | (ഇ) | സാങ്കേതിക ബിഡ്ഡ് സമർപ്പിച്ചിട്ടേയുള്ളൂ. അത് പരിശോധിച്ചുവരുന്നു. സർക്കാർ അംഗീകാരം ഇപ്പോൾ നൽകിയിട്ടില്ല. സാങ്കേതിക ബിഡ്ഡ് പരിശോധിച്ചതിനുശേഷമെ സാമ്പത്തിക ബിഡ്ഡ് തുറക്കുകയുള്ളൂ. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ആദ്യ ടെണ്ടർ സിംഗിൾ ടെണ്ടറായി വന്നാൽ മാത്രമേ വീണ്ടും ടെണ്ടർ ചെയ്യാൻ വ്യവസ്ഥയുള്ളൂ. തുടർന്നുവരുന്ന ടെണ്ടറുകൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**